**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1243** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവ.കോളേജിലെ പുതിയ ഡിഗ്രി കോഴ്സുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവ.കോളേജിൽ ഏതൊക്കെ പുതിയ ഡിഗ്രി കോഴ്സുകൾ തുടങ്ങുന്നതിനാണ് കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കോളേജ് അധികൃതർ അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവ. കോളേജിൽ നിന്നും അപേക്ഷ ലഭിച്ച ഡിഗ്രി കോഴ്സുകൾ ചുവടെ ചേർക്കുന്നു.

•BSc Geography (Specification – with Geoinformatics)

•BA Functional Arabic (Specification – with Professional Translation and Interpretation)

•BSc Data Science (Specification – with Statistics )

• BA Digital Humanities

• MA Kannada (Specification – with translational studies)

**(ബി)** പുതിയ കോഴ്സുകൾ തുടങ്ങുന്നതിന്റെ ഭാഗമായി യൂണിവേഴ്സിറ്റി അധികൃതർ പ്രസ്തുത കോളേജിൽ സന്ദർശനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. പുതിയ കോഴ്സുകൾ തുടങ്ങുന്നതിന്റെ ഭാഗമായി 17.06.2026 ന യൂണിവേഴ്സിറ്റി അധികൃതർ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്.

**(സി)** സന്ദർശനം നടത്തിയ യൂണിവേഴ്സിറ്റി അധികൃതർ ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് ശിപാർശ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിന് സർക്കാറിന് സാമ്പത്തിക ബാധ്യത വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പരിശോധന നടത്തിയ യൂണിവേഴ്സിറ്റി അധികൃതരുടെ ശുപാർശ കണ്ണൂർ സർവകലാശാലയുടെ പരിഗണനയിലാണ്. കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

**(ഡി)** പ്രസ്തുത കോളേജ് അധികൃതർ അപേക്ഷ നൽകിയ ബി.എ. ഫംഗ്ഷനൽ അറബിക് വിത്ത് പ്രഫഷണൽ ട്രാൻസലേഷൻ & ഇന്റർപ്രറ്റേഷൻ എന്ന കോഴ്സ് തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

**മറുപടി:** നിലവിൽ വിഷയ വിദഗ്ധരെ ലഭിക്കാത്തതിനാലാണ് പ്രസ്തുത പ്രോഗ്രാമിൽ ഇൻസ്പെക്ഷൻ നടത്താതിരുന്നത്. ഇൻസ്പെക്ഷൻ ടീമിനെ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഇ)** വിദേശത്ത് ഏറെ തൊഴിൽ സാധ്യത ഉള്ള പ്രസ്തുത കോഴ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**